


കേന്ദ്ര സാഹിത്യ അക്കാദമിയുടെയും ഇടയിലെക്കാട് നവോദയ വായനശാല ആൻഡ് ഗ്രന്ഥാലയത്തിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സർഗ സംവാദം കേന്ദ്ര സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗം ഡോ. എൻ. അജിത് കുമാർ ഉദ്ഘാടനം ചെയ്യുന്നു

# 'സാഹിത്യ അക്കാദമികൾ സ്ഥാപിക്കുന്നതിൽ വടക്കൻ കേരളത്തിന് പരിഗണന ലഭിച്ചില്ല'

തൃക്കരിപ്പൂർ: നിരവധി സാഹിത്യ നായകൻമാരുടെ ജൻമംകൊണ്ടും കർമം കൊണ്ടും സമ്പന്നമായ ഉത്തരകേരളത്തിന് വിവിധ അക്കാദമികൾ സ്ഥാപിക്കപ്പെട്ടപ്പോൾ വേണ്ട പരിഗണന ലഭിച്ചില്ലെന്ന് കേന്ദ്ര സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗം ഡോ. എൻ. അജിത് കുമാർ അഭിപ്രായപ്പെട്ടു. മലയാളത്തിലെ ആദ്യ കാവ്യമായ രാമചരിതമെഴുതിയ ചീരാമ കവി, ആദ്യത്തെ ചെറുകഥയായ വാസനാവികൃതിയുടെ കർത്താവായ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, ലക്ഷണമൊത്ത ആദ്യ നോവൽ ഇന്ദുലേഖ എഴുതിയ ഒ. ചന്തു മേനോൻ, ആദ്യ നിഘണ്ടുവിന്റെ രചയിതാവായ ഹെർമൻ ഗുണ്ടർട്ട്, കുഞ്ചൻ നമ്പ്യാർക്ക് സമാനായി ഗണിക്കേണ്ട മഹാകവി പി. കുഞ്ഞിരാമൻ നായർ തുടങ്ങിയ ഒട്ടേറെ എഴുത്തുകാരുടെ പാരമ്പര്യമുള്ള പ്രദേശമാണ് വടക്കൻ കേരളം.

പക്ഷേ നിരവധി അക്കാദമികൾ പിറവിയെടുത്തപ്പോൾ ആകെ കിട്ടിയത് ഒരു ഫോക്‌ലോർ അക്കാദമി മാത്രമാണെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സാഹിത്യ അക്കാദമിയുടെയും ഇടയിലെക്കാട് നവോദയ വായനശാല ആൻഡ് ഗ്രന്ഥാലയത്തിന്റെയും ആഭിമുഖ്യത്തിൽ ഇടയിലെക്കാട്ടിൽ സംഘടിപ്പിച്ച സർഗ സംവാദം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അക്കാദമി ഉപദേശക സമിതിയംഗം എൽ.വി ഹരികുമാർ അധ്യക്ഷനായി. 'എഴുത്ത്, കാലം, നിലപാടുകൾ' എന്ന വിഷയത്തിൽ എഴുത്തുകാരായ വാസുചോറോട്, കെ.ടി ബാബുരാജ്, സി.എം വിനയചന്ദ്രൻ എന്നിവർ സംവദിച്ചു. പി. വേണുഗോപാലൻ, വി.കെ കരുണാകരൻ, പി.വി പ്രഭാകരൻ സംസാരിച്ചു.

സുപ്രഭാതം Kannur 24-08-2019
suprabhaatham.com

# ഇടയിലക്കാട്ടിൽ സർഗസംവാദം നടത്തി



കേന്ദ്ര സാഹിത്യ അക്കാദമി ഇടയിലക്കാട് നവോദയ വായനശാല ആൻഡ് ഗ്രന്ഥാലയവുമായി സഹകരിച്ച് നടത്തിയ സർഗസംവാദം കേന്ദ്ര സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗം ഡോ. എൻ.അജിത്കുമാർ ഉദ്ഘാടനംചെയ്യുന്നു

**തൃക്കരിപ്പൂർ ▸** കേന്ദ്ര സാഹിത്യ അക്കാദമിയുടെയും ഇടയിലക്കാട് നവോദയ വായനശാല ആൻഡ് ഗ്രന്ഥാലയത്തിന്റെയും നേതൃത്വത്തിൽ ഇടയിലക്കാട്ട് സർഗസംവാദം സംഘടിപ്പിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗം ഡോ. എൻ.അജിത്കുമാർ ഉദ്ഘാടനംചെയ്തു.

സാഹിത്യനായകൻമാരുടെ ജൻമംകൊണ്ടും കർമംകൊണ്ടും സമ്പന്നമായ ഉത്തരകേരളത്തിന് വിവിധ അക്കാദമികൾ സ്ഥാപിക്കപ്പെട്ടപ്പോൾ വേണ്ട പരിഗണനലഭിച്ചില്ലെന്ന് അദ്ദേഹം പറഞ്ഞു.

അക്കാദമി ഉപദേശകസമിതിയംഗം എൽ.വി.ഹരികുമാർ അധ്യക്ഷതവഹിച്ചു.

എഴുത്ത്, കാലം, നിലപാടുകൾ എന്ന വിഷയത്തിൽ വാസു ചോറോട്, കെ.ടി.ബാബുരാജ്, സി.എം.വിനയചന്ദ്രൻ എന്നിവർ അനുഭവങ്ങൾ പങ്കുവെച്ചു.

പി.വേണുഗോപാലൻ, വി.കെ.കരുണാകരൻ, പി.വി.പ്രഭാകരൻ എന്നിവർ സംസാരിച്ചു.




എസ്കെഎസ്എസ്എഫ് കാസർകോട് ജില്ലാ കമ്മിറ്റിയുടെ കരിയർ വിൻഡോ പദ്ധതി നെല്ലിക്കട്ടയിൽ ഹംദുല്ല തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു




കേന്ദ്ര സാഹിത്യ അക്കാദമിയുടെ സർഗ സംവാദം ഇടയിലക്കാട്ടിൽ കേന്ദ്ര ജനറൽ കൗൺസിൽ അംഗം ഡോ.എൻ.അജിത് കുമാർ ഉദ്ഘാടനം ചെയ്യുന്നു.

# സർഗ സംവാദം

തൃക്കരിപ്പൂർ● കേരളത്തിൽ വിവിധ അക്കാദമികൾ സ്ഥാപിക്കപ്പെട്ടപ്പോൾ പ്രതിഭാധനരായ ഒട്ടേറെ എഴുത്തുകാരാൽ സമ്പന്നമായ ഉത്തര കേരളത്തെ തഴഞ്ഞെന്നു കേന്ദ്ര സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗം ഡോ.എൻ.അജിത് കുമാർ.

കേന്ദ്ര സാഹിത്യ അക്കാദമി ഇടയിലക്കാട് നവോദയ വായനശാല ഗ്രന്ഥാലയത്തിന്റെ സഹകരണത്തിൽ നടത്തിയ സർഗ സംവാദം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അക്കാദമി ഉപദേശക സമിതി അംഗം എൽ.വി.ഹരികുമാർ അധ്യക്ഷത വഹിച്ചു. എഴുത്ത്, കാലം, നിലപാടുകൾ എന്ന വിഷയത്തിൽ എഴുത്തുകാരായ വാസു ചോറോട്, കെ.ടി.ബാബുരാജ്, സി.എം.വിനയചന്ദ്രൻ എന്നിവർ എഴുത്തിൽ തങ്ങളുടെ അനുഭവങ്ങൾ പങ്കിട്ടു. താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പി.വേണുഗോപാലൻ, പഞ്ചായത്ത് അംഗം വി.കെ.കരുണാകരൻ, നവോദയ ഗ്രന്ഥാലയം പ്രസിഡന്റ് പി.വി.പ്രഭാകരൻ എന്നിവർ പ്രസംഗിച്ചു.